പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2995 — 21-08-2017-ലെ മറുപടിയ്ക്ക്

**കാർഷിക വിള ഇൻഷ്വറൻസ് സ്കീം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം തരത്തിലുള്ള നാശ നഷ്ടങ്ങൾക്കാണ് കാർഷിക വിള ഇൻഷ്വറൻസ് ലഭ്യമാകുന്നത്; | (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. കൂടാതെ കോൾ നിലങ്ങൾ, കുട്ടനാട് എന്നിവിടങ്ങളിൽ നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.<br>കേന്ദ്രസർക്കാർ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമ യോജന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ, രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും നൽകുന്നു. അതോടൊപ്പം തന്നെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന രീതിയിൽ അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, അനാവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവ മുഖേനയുള്ള നഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. |

| | | | |
|---|---|---|---|
| (ബി) | വിവിധ തരത്തിലുള്ള പ്രകൃതിക്ഷോഭത്തിനു പുറമേ, രോഗബാധ മൂലമോ കീടങ്ങളുടെ ശല്യം മൂലമോ നാശനഷ്ടം വരുന്ന കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കി വരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമ യോജന പ്രകാരം രോഗബാധ മൂലമോ, കീടങ്ങളുടെ ശല്യം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും നൽകുന്നു.<br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.<br>പ്രധാനമന്ത്രി ഫസൽ ബീമ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകളിലെ നെൽകൃഷിക്കും, എല്ലാ ജില്ലകളിലെയും മരച്ചീനി കൃഷിക്കും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ലകളിലെ വാഴ കൃഷിക്കും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കും.<br>കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ നെല്ല്, കവുങ്ങ്, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, കൈതച്ചക്ക, വാഴ, ജാതി എന്നീ വിളകൾക്ക് ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കി പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്കാണ് നഷ്ടപരിഹാരം തിട്ടപ്പെടുത്തി നൽകുന്നത്. |
| (സി) | ഇത്തരത്തിൽ കീടശല്യം മൂലമോ പ്രകൃതിക്ഷോഭമല്ലാത്ത കാരണങ്ങളാലോ നാശനഷ്ടം നേരിടുന്ന വിളകൾക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**